പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
# (2014-2016)

## പത്താമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)

**പത്താമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)-യുടെ 35-ാം ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

364/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം I : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം | .. | 11 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസഫ് വാഴയ്ക്കൻ

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ബി. സത്യൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. എം. ഷാജി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ഷാഹിന, എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ, എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസഫ് വാഴയ്ക്കൻ,

*അദ്ധ്യക്ഷൻ,*

*യുവജനക്ഷേമവും യുവജനകാര്യവും*

*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

# റിപ്പോർട്ട്

കേരളത്തിൽ നടന്ന 35-ാമത് ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-2014), 5-2-2014-ന് 40 ശിപാർശകൾ ഉൾക്കൊള്ളുന്ന മൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയുണ്ടായി. ശിപാർശകളിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ചും ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ചും തെളിവെടുപ്പുകളും സന്ദർശനങ്ങളും നടത്തിയ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016), നാലാമത് റിപ്പോർട്ട് 10-12-2014-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 35 ശിപാർശകളാണുള്ളത്.

നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പുകൾ 17-12-2014-ന് കായിക യുവജനകാര്യ വകുപ്പിന് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ എല്ലാ ശിപാർശകൾക്കും സർക്കാർ ലഭ്യമാക്കിയ മറുപടി 17-6-2015-ന് സമിതി പരിഗണിക്കുകയും 29 ശിപാർശകളിന്മേലുള്ള മറുപടി അംഗീകരിക്കുകയും 6 ശിപാർശകളിന്മേൽ തുടർമറുപടി ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത തുടർനടപടി റിപ്പോർട്ട് നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല.

സമിതി (2014-2016)-യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവയുടെ വിശദാംശം അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു.

സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 3)

ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാവധാനത്തിലാണ് നടക്കുന്നതെന്ന് വിലയിരുത്തിയ സമിതി, ലാന്റ്സ്കേപ്പിന്റെയും റോഡിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

ഗെയിംസ് വില്ലേജിന്റെ ലാന്റ്സ്കേപ്പിന്റെയും റോഡിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 4)

ഗെയിംസ് വില്ലേജിലെ വൈദ്യുതീകരണം, ജലവിതരണം, സ്വീവേജ്, കോംപൗണ്ട് വാൾ എന്നിവയുടെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കണമെന്നും വില്ലേജിന് ആവശ്യമായ ഫർണിഷിംഗ് സാധനങ്ങൾ വാങ്ങുന്നത്, ഖരമാലിന്യ സംസ്കരണം, ഫയർ സേഫ്റ്റിക്ക് വേണ്ടിയുള്ള പദ്ധതി എന്നിവ 2014 ഡിസംബറിൽത്തന്നെ പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 6)

ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ഏതാണ്ട് അഞ്ഞൂറോളം പേർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാഡമിയിലെ 'ബി' ബ്ലോക്കിലെ 71 മുറികളുടെ നവീകരണം പൂർത്തിയായതായും പ്രസ്തുത മുറികളിലോരോന്നിലും മൂന്ന് പേർക്ക് താമസിക്കാമെന്നും പോലീസ് അക്കാഡമിയിലെ ഗസ്റ്റ് ഹൗസും ഇതിനായി ഉപയോഗപ്പെടുത്താമെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇലക്ട്രിക് മെയിന്റനൻസ്, വാട്ടർ സപ്ലൈ, അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ഇതു സംബന്ധിച്ച നടപടി എൻ.ജി.എസ്. സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 7)

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയ സമിതി, ഉദ്ഘാടന/സമാപന ചടങ്ങുകൾ നടക്കുന്ന ഓപ്പൺ ഗ്രൗണ്ടിന്റെയും ഗാലറിയുടെയും പണികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

ഉദ്ഘാടന സമാപന ചടങ്ങുകൾക്കായി സ്റ്റേഡിയം സജ്ജമാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 9)

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നും എന്നാൽ ഇതിന് ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ലെന്നും സന്ദർശനത്തിലൂടെ സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഈ വിഷയം ദേശീയപാത അധികൃതരുമായി അടിയന്തരമായി ചർച്ച ചെയ്ത് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 10)

ഷൂട്ടിംഗ് റേഞ്ചിന്റെ നിർമ്മാണ പ്രവൃത്തികൾ വളരെ സാവധാനത്തിലാണെന്ന് വിലയിരുത്തിയ സമിതി, ഫ്ലോറിംഗിന്റെയും വുഡൻ പാനലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലിക്കാരെ നിയോഗിച്ച് വളരെ വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 12)

ടെന്നീസ് കോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അറുപത് ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളുവെന്ന് വിലയിരുത്തിയ സമിതി, ലാന്റ്സ്കേപ്പിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 15-ഓടുകൂടി പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 13)

LNCPE വെലോഡ്രോമിൽ വച്ച് നടക്കുന്ന സൈക്കിളിംഗ് നാഷണൽ ട്രയൽ ഗെയിംസിനുമുമ്പ് തന്നെ വെലോഡ്രോമിന്റെ നിർമ്മാണച്ചുമതലയുള്ള ബന്ധപ്പെട്ടവരുമായി അടിയന്തര ചർച്ച നടത്തി ട്രാക്ക് പരിശോധിച്ച്, അപാകത പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

സൈക്കിൾ വെലോഡ്രോമിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ട്രാക്കിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 14)

ട്രാപ്പ് ആന്റ് സ്കീറ്റ് എന്ന ഷൂട്ടിംഗ് ഇനത്തിനായി തൃശ്ശൂർ പോലീസ് അക്കാഡമിയിൽ നിർമ്മിക്കുന്ന 3 ഷൂട്ടിംഗ് റേഞ്ചുകളിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം 50% പൂർത്തിയായതായും മൂന്നാമത്തെ റേഞ്ച് നിർമ്മിക്കുന്ന സ്ഥലത്ത് മണ്ണിനടിയിലെ പാറ പണിക്ക് തടസ്സം സൃഷ്ടിക്കുന്നതായും മനസ്സിലാക്കിയ സമിതി അടിയന്തരമായി പാറപൊട്ടിച്ചുമാറ്റി ഷൂട്ടിംഗ് റേഞ്ചിന്റെ പണി 2014 ഡിസംബർ 31-നു മുമ്പ് പൂർത്തിയാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

പണി പൂർത്തിയായിട്ടുണ്ട്.

ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 15)

കൊല്ലം സ്റ്റേഡിയത്തിന്റെ അസ്ട്രോടർഫ് പ്രതലത്തിന്റെ പണി, വാം-അപ്പ് ഗ്രൗണ്ടായ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ അത്‌ലറ്റിക് ട്രാക്കിന്റെ പണി എന്നിവയ്ക്ക് മഴമൂലം തടസ്സം നേരിടുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത സ്റ്റേഡിയങ്ങളുടെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

പ്രസ്തുത സ്റ്റേഡിയത്തിലെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 16)

വനിതാ ഫുട്ബോൾ നടത്തുന്നതിനായി തൃശ്ശൂരിലെ സ്റ്റേഡിയം നവീകരിച്ചതുമൂലം അത്ലറ്റിക് ട്രാക്ക് നഷ്ടപ്പെട്ടതായുള്ള പരാതി പരിശോധിച്ച സമിതി, ദേശീയ ഗെയിംസിനുശേഷം അത്ലറ്റിക് മത്സരങ്ങൾക്കുകൂടി ഉപയുക്തമാകുന്ന തരത്തിൽ ട്രാക്ക് ക്രമീകരിക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ച് വേണ്ടനടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

8 ലൈൻ ട്രാക്കിനുള്ള സ്ഥലം വിട്ടിട്ടാണ് സ്റ്റേഡിയത്തിലെ ഗാലറി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 17)

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിസരം വൃത്തിഹീനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ട സമിതി, ഈ സ്റ്റേഡിയത്തിന്റെ പരിസരം വൃത്തിയാക്കി ഗ്രൗണ്ട് നിരപ്പാക്കണമെന്നും ഓരോ ഹോർഡിംഗ് വച്ച് പരസ്യം നൽകണമെന്നും ശിപാർശ ചെയ്യുന്നു.

മറുപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 18)

വോളിബോൾ മത്സരങ്ങൾ നടക്കുന്ന കോഴിക്കോട് വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡയത്തിൽ പത്ത് ഷട്ടിൽ കോർട്ടുകൾ ഉണ്ടെന്നും വോളിബോൾ പോസ്റ്റുകൾ ഇതുവരെ അവിടെ സ്ഥാപിച്ചിട്ടില്ലെന്നും നിരീക്ഷിച്ച സമിതി, എത്രയുംവേഗം കോഴിക്കോട് സ്റ്റേഡിയത്തിൽ വോളിബോൾ പോസ്റ്റ് സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

കോഴിക്കോട് വി. കെ. കെ. മേനോൻ സ്റ്റേഡിയത്തിൽ വോളിബോൾ പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 19)

ഹോക്കി അസോസിയേഷനുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിക്കുന്നതിനായി ഏറ്റവും മികച്ച ഹോക്കി ടീമിനെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ഇക്കാര്യത്തിൽ കെ.എസ്.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 20)

അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി താരങ്ങളെ കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ഗെയിംസിൽ പങ്കെടുപ്പിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെങ്കിലും പല കായികതാരങ്ങൾക്കും ഇതിനാവശ്യമായ എൻ.ഒ.സി.യും ലീവും ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി മനസ്സിലാക്കിയ സമിതി, അവർക്ക് എൻ.ഒ.സി.യും ലീവും ലഭിക്കുന്നതിന് ആവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 21)

ഗെയിംസിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ദേശീയ ഗെയിംസിൽ വോളന്റിയർമാരായി പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

17-11-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 239/14/പൊ.വി.വ. പ്രകാരം വോളന്റിയർമാരായി സേവനം അനുഷ്ഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശിപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 24)

ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നവർക്ക് മെച്ചപ്പെട്ട ഭക്ഷണം കൃത്യസമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധപുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ആവശ്യമായ നടപടി എൻ. ജി. എസ്. സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 23 (ഖണ്ഡിക നമ്പർ 25)

ടെണ്ടർ നടപടികൾ സുതാര്യമാക്കി ഗെയിംസിനുവേണ്ടിയുള്ള ഉപകരണങ്ങൾ അടിയന്തരമായി 2015 ജനുവരി 1-ന മുമ്പ് വാങ്ങണമെന്നും അവയുടെ ഗുണമേന്മ ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

എൻ.ജി.എസ്. നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 24 (ഖണ്ഡിക നമ്പർ 26)</u>

ഗെയിംസിനെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാക്കണമെന്നും ജനങ്ങൾ ദേശീയ ഗെയിംസിനായി ആകാംക്ഷയോടെ കാത്തിരിക്കുന്ന രീതിയിലുള്ള പ്രചാരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

ദൃശ്യ, ശബ്ദ, സാമൂഹ്യ, വെബ് മാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചാരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗെയിംസിന്റെ പ്രചാരണാർത്ഥം സംസ്ഥാനത്തെ 7000 കേന്ദ്രങ്ങളിലായി 2015 ജനുവരി 20-ന് നടത്തിയ റൺ കേരള റൺ എന്ന കൂട്ടയോട്ടം വമ്പിച്ച ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു.

<u>ശിപാർശ നമ്പർ 25 (ഖണ്ഡിക നമ്പർ 27)</u>

പ്രാദേശിക സമിതികൾ രൂപീകരിച്ച് അവർക്ക് മതിയായ ഫണ്ട് കൊടുത്താൽ പ്രചാരണത്തിന്റെ കാര്യത്തിൽ അവർക്കുതന്നെ കുറേക്കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്നും ഓരോ സ്റ്റേഡിയത്തിൽവച്ചും വെന്യൂ ഡിക്ലറേഷൻ നടത്തണമെന്നും ഇതിനെക്കുറിച്ചുള്ള വാർത്ത മാധ്യമങ്ങളിൽ കൊടുക്കണമെന്നും ഗെയിംസിന്റെ പ്രചാരണത്തിന് ഒരു നല്ല പബ്ലിക് റിലേഷൻസ് ഏജൻസിയെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

പ്രാദേശിക പ്രചാരണത്തിനായി എല്ലാ ജില്ലകളിലേക്കും ഒരു തുക ഗെയിംസ് കണ്ടക്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പബ്ലിസിറ്റി കമ്മിറ്റി ആസൂത്രണം ചെയ്തിട്ടുള്ള, പരിപാടികളുടെ നടത്തിപ്പിനായി പെർസെപ്റ്റ് 'ഡി' മാർക്ക് (പ്രൊമോഷണൽ ഈവന്റ്സിന്റെ നടത്തിപ്പിനുള്ള ഏജൻസി) മലയാള മനോരമ കമ്പനി ലിമിറ്റഡ് (റൺ കേരള റൺ പദ്ധതിയുടെ നടത്തിപ്പ്) എന്നിവരെ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത് പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത പരിപാടികളുമായി ബന്ധപ്പെട്ട് ദിനപ്പത്രങ്ങളിൽ വ്യാപകമായ പ്രചാരണവും പത്രക്കുറിപ്പുകളും പരസ്യങ്ങളും നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 26 (ഖണ്ഡിക നമ്പർ 28)</u>

10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന റൺ കേരള റൺ എന്ന പരിപാടിയിൽ അതത് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണവും

പങ്കാളിത്തവും ഉറപ്പാക്കി ഈ പരിപാടി ഒരു വലിയ വിജയമാക്കി തീർക്കണമെന്നും ദേശീയ ഗെയിംസിന്റെ ഗുഡ്‌വിൽ അംബാസിഡർ ആയ സച്ചിൻ ടെൻഡുൽക്കറെ ഇതിൽ പങ്കെടുപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

12-12-2014 തീയതിയിലെ തദ്ദേശസ്വയംഭരണ (എഫ്എം.) വകുപ്പിന്റെ സ.ഉ. (സാധാ.) നമ്പർ 3290/2014 ത.സ്വ.ഭ.വ. പ്രകാരം ദേശീയ ഗെയിംസിന്റെ പ്രചാരണാർത്ഥമുള്ള കൂട്ടയോട്ടത്തിന്റെ സംഘാടന ചെലവുകൾക്ക് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 2,000 രൂപ വീതം നഗരസഭകൾക്ക് പരമാവധി 5,000 രൂപ വീതവും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പരമാവധി 10,000 രൂപ വീതവും ബന്ധപ്പെട്ട ധനവിനിയോഗ ചട്ടങ്ങൾക്കും കൗൺസിൽ/കമ്മിറ്റി തീരുമാനത്തിനും വിധേയമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള യഥേഷ്ടാനുമതിയും സംഘാടകരുമായി ബന്ധപ്പെട്ട് അവർക്കാവശ്യമായ പരമാവധി സഹായസഹകരണങ്ങളും നൽകുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതുപ്രകാരം നടന്ന റൺ കേരള റൺ ഒരു ചരിത്രവിജയമായി നടപ്പാക്കിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 27 (ഖണ്ഡിക നമ്പർ 29)</u>

ദേശീയ ഗെയിംസിന് 50 ദിവസം മുമ്പെങ്കിലും പത്രങ്ങളിൽ ദിവസേന കൗണ്ട്ഡൗൺ പോലെ കൊടുക്കണമെന്നും സച്ചിൻ ടെൻഡുൽക്കറിന്റെ ഫോട്ടോ ഉൾപ്പെടുന്ന നിരവധി ഹോർഡിംഗുകൾ വയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 28 (ഖണ്ഡിക നമ്പർ 30)</u>

ജില്ലാ തലത്തിൽ പ്രചാരണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 20,000 രൂപയിൽ അധികരിക്കാത്ത തുക ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റിക്ക് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമായി ഏറ്റെടുക്കുന്നതാണ്.

ശിപാർശ നമ്പർ 29 (ഖണ്ഡിക നമ്പർ 31)

ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നമായ അമ്മു വേഴാമ്പലിനെ സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന 'അമ്മു അറ്റ് സ്കൂൾ' എന്ന പരിപാടി ദേശീയ ഗെയിംസിന്റെ പ്രചാരണത്തിന് ഉതകുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതുകൂടാതെ ഫ്ലാഷ് മോബ്, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, കേരളം മുഴുവൻ ഉൾപ്പെടുത്തക്കവിധം ഒരു 'ടോർച്ച് റിലേ' തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ഫ്ലാഷ് മോബ്/മാസ് ഡ്രിൽ മുതലായവ, സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. ഗെയിംസ് ടോർച്ച് റിലേ സംഘടിപ്പിക്കുകയും ചെയ്തു.

ശിപാർശ നമ്പർ 30 (ഖണ്ഡിക നമ്പർ 32)

ദൂർദർശനോടൊപ്പം മറ്റ് പ്രമുഖ സ്പോർട്സ് ചാനലുകളിലും ദേശീയ ഗെയിംസ് തൽസമയം സംപ്രേഷണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ദൂരദർശനും ആകാശവാണിയുമാണ് നാഷണൽ ഗെയിംസിന്റെ ഔദ്യോഗിക സംപ്രേക്ഷകർ. ന്യൂസ് അക്സസ് റൂൾ അനുസരിച്ച് പൂർണ്ണമായ കവറേജ് ഉണ്ടാക്കാൻ ആകാശവാണിക്കും ദൂരദർശനും മാത്രമേ അവകാശമുള്ളൂ.

ശിപാർശ നമ്പർ 31 (ഖണ്ഡിക നമ്പർ 33)

ശ്രീ. ടി. കെ. രാജീവ്കുമാർ സംവിധാനം ചെയ്യുന്ന കലാപരിപാടികൾ ഉദ്ഘാടന/സമാപന ചടങ്ങുകളെ ആകർഷകമാക്കുമെന്നും ശ്രീ. എ. ആർ. റഹ്മാന്റെ സാന്നിദ്ധ്യം കാണികൾക്ക് ആവേശം പകരുമെന്നും അഭിപ്രായപ്പെട്ട സമിതി, ദേശീയ ഗെയിംസിനുവേണ്ടി പത്മശ്രീ ഹരിഹരൻ ഒരുക്കുന്ന തീം സോംഗ് ജനുവരി ആദ്യവാരംതന്നെ റിലീസ് ചെയ്യണമെന്നും ഇത് ദേശീയ ഗെയിംസ് ജനകീയമാക്കുന്നതിന് വളരെ ഉപകരിക്കുമെന്നും എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും ഇത് ദിവസേന പലതവണ സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

മറുപടി

ചില സാങ്കേതിക കാരണങ്ങളാൽ ശ്രീ. എ. ആർ. റഹ്മാൻ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നില്ലെങ്കിലും ആവേശം ഒട്ടും ചോരാതെതന്നെ ഉദ്ഘാടന-സമാപന ചടങ്ങുകൾ

ആകർഷകമാക്കുന്നതിനുള്ള നടപടികൾ എൻ.ജി.എസ്. സ്വീകരിച്ചിട്ടുണ്ട്. തീം സോംഗ് സമിതി ശിപാർശ ചെയ്ത സമയത്തുതന്നെ റിലീസ് ചെയ്യുകയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ നമ്പർ 32 (ഖണ്ഡിക നമ്പർ 34)

60 കോടി രൂപ കൂടി അധികമായി 2014 ഡിസംബറിൽ തന്നെ ദേശീയ ഗെയിംസിനായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

സംസ്ഥാനത്തെ നിലവിലെ സാമ്പത്തികസ്ഥിതി കാരണം ഗെയിംസിനായി അധിക തുക അനുവദിക്കുവാനാകില്ല എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 33 (ഖണ്ഡിക നമ്പർ 35)

ദേശീയ ഗെയിംസിന്റെ പല വേദികളിലും ലാന്റ്സ്കേപ്പിംഗ്, പൂന്തോട്ടം, പുൽത്തകിടി തുടങ്ങിയവയ്ക്കായി പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനെ ചുമതലപ്പെടുത്തിയതായി സമിതി മനസ്സിലാക്കി. ഗെയിംസിനോടനുബന്ധിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ ഗെയിംസിന്റെ പരസ്യങ്ങൾ നൽകണമെന്നും മാലിന്യ സംസ്കരണത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

35-ാമത് ദേശീയ ഗെയിംസ് പരിസ്ഥിതി സൗഹാർദ്ദപരമായും ഹരിതാഭമായും സംഘടിപ്പിക്കുന്നതിന് ഒരു ഗ്രീൻ പ്രോട്ടോക്കാൾ കമ്മിറ്റി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്നുണ്ട്. കമ്മിറ്റിയുടെ തീരുമാനപ്രകാരം Green Games for Healthy Games എന്ന മുദ്രാവാക്യം പരിസ്ഥിതി സംരക്ഷണത്തിനും പരിസര ശുചീകരണത്തിനുമായി വ്യാപകമായി പ്രചരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെയും സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി പരിസ്ഥിതിക്ക് ദോഷംവരാത്ത വസ്തുക്കൾ ഗെയിംസിൽ ഉപയോഗിക്കുക എന്നതാണ് കമ്മിറ്റിയുടെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്ന്. പരിസ്ഥിതി മലിനീകരണം തടയുക എന്നതുപോലെതന്നെ അന്തരീക്ഷ മലിനീകരണം തടയുക എന്നതും കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യമാണ്.

ശിപാർശ നമ്പർ 35 (ഖണ്ഡിക നമ്പർ 37)

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിൽ നൽകിയ ശിപാർശകളിൽ ഇനിയും നടപ്പാക്കാത്തവ വളരെവേഗം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ശിപാർശകൾ വളരെവേഗം നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

അദ്ധ്യായം II

## സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 5)

ദേശീയ ഗെയിംസിനുശേഷം പ്രീഫാബ് ഹൗസിംഗ് യൂണിറ്റുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ സ്കൂളുകളിൽ കായികതാരങ്ങൾക്കുള്ള വിശ്രമമുറിയായും കായിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും അംഗൻവാടികൾക്കുമായി പുനഃസ്ഥാപിക്കണമെന്ന് സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇതു സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ 18-6-2014-ലെ G.O. (Rt.) No. 107/14/S&YA., 7-11-2014-ലെ G.O. (Rt.) No. 246/14/S&YA. എന്നീ നമ്പർ സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പരാതികൾക്കിടവരാതെ തീർപ്പുകല്പിക്കണമെന്നും പ്രസ്തുത ഹൗസിംഗ് യൂണിറ്റുകൾ സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ദേശീയ ഗെയിംസിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ സമിതിയുടെ ശിപാർശ പരിഗണിക്കുന്നതാണ്.

അധിക ശിപാർശ

ഖണ്ഡിക 5-ലെ ശിപാർശയ്ക്കുള്ള മറുപടി പരിശോധിച്ച സമിതി, പ്രീഫാബ് ഹൗസിംഗ് യൂണിറ്റുകൾ നശിക്കാതെ നോക്കേണ്ടതാണെന്നും അവ നല്ല രീതിയിൽ പരിപാലിക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയും പ്രീഫാബ് ഹൗസിംഗ് യൂണിറ്റുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇവയുടെ പുനരുപയോഗം സംബന്ധിച്ച സമിതിയുടെ നിർദ്ദേശം നടപ്പാക്കിയതു സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിശദീകരണം ആരായുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 8)</u>

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ മെയിന്റനൻസ്, തുടർന്നുള്ള ഉപയോഗം എന്നിവ കണക്കിലെടുത്ത് സ്റ്റേഡിയം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതാണ് അഭികാമ്യമെന്ന് വിലയിരുത്തിയ സമിതി, പതിനഞ്ച് വർഷങ്ങൾക്കുശേഷം പ്രസ്തുത സ്റ്റേഡിയം യൂണിവേഴ്സിറ്റിക്ക് കൈമാറുന്ന വിഷയം പുനഃപരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

ഇക്കാര്യം ഗെയിംസിനുശേഷം പരിശോധിക്കുന്നതാണ്.

<u>അധിക ശിപാർശ</u>

ഖണ്ഡിക 8-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിശദീകരണം ആരായുവാൻ തീരുമാനിച്ചു.

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 11)</u>

ഷൂട്ടിംഗ് റേഞ്ചിന്റെ മെയിന്റനൻസിനായി വലിയൊരു തുക ചെലവുവരുമെന്ന് വിലയിരുത്തിയ സമിതി, ദേശീയ ഗെയിംസിനുശേഷം ഷൂട്ടിംഗ് റേഞ്ച് പ്രയോജനപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു ഷൂട്ടിംഗ് അക്കാഡമി രൂപീകരിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അംഗത്വഫീസിൽ നിന്നുതന്നെ മെയിന്റനൻസ് തുക കണ്ടെത്തണമെന്നും ശിപാർശ ചെയ്യുന്നു.

<u>മറുപടി</u>

ഗെയിംസിനുശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

<u>അധിക ശിപാർശ</u>

ഷൂട്ടിംഗ് റേഞ്ചിന്റെ മെയിന്റനൻസ് സംബന്ധിച്ച ഖണ്ഡിക 11-ലെ ശിപാർശയുള്ള മറുപടി പരിശോധിച്ച സമിതി പ്രസ്തുത വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും ഇതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 20 (ഖണ്ഡിക നമ്പർ 22)

35-ാം ദേശീയ ഗെയിംസിലെ സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കണമെന്നുള്ള സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ സർക്കാർ നടപ്പാക്കുകയുണ്ടായി. എന്നാൽ തമിഴ്നാട്, പഞ്ചാബ്, ഹരിയാന, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ പത്ത് ലക്ഷം രൂപ വരെ പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ നേടുന്നവർക്ക് യഥാക്രമം പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന് ലക്ഷം പാരിതോഷികം പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 23)

സ്പോർട്സ് താരങ്ങളെയും ടീമുകളെയും പ്രഗത്ഭരാക്കുന്നതിൽ കോച്ചുകൾ നിർണ്ണായക പങ്കാണ് വഹിക്കുന്നതെന്നും ആയതിനാൽ സമ്മാനാർഹരായ ടീമുകളുടെ കോച്ചുമാർ, മാനേജർമാർ എന്നിവർക്കും സമിതി നിർദ്ദേശിച്ച പാരിതോഷികം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

മറുപടി (ഖണ്ഡിക 22 & 23)

ഇക്കാര്യം ഗെയിംസിനുശേഷം പരിശോധിക്കുന്നതാണ്.

അധിക ശിപാർശ

ഗെയിംസിലെ മെഡൽ ജേതാക്കളുടെ പാരിതോഷികം സംബന്ധിച്ച 22, 23 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൈക്കൊണ്ട തീരുമാനങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 34 (ഖണ്ഡിക നമ്പർ 36)

കോടികൾ ചെലവഴിച്ച് നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ നടത്തിയ സ്റ്റേഡിയങ്ങൾ ഭാവിയിലും പ്രയോജനപ്പെടത്തക്കവിധം സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ നടപ്പിലാക്കുവാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മറുപടി

ദേശീയ ഗെയിംസിനായി നിർമ്മിച്ച അടിസ്ഥാന സൗകര്യങ്ങളുടെ ഗെയിംസിനു ശേഷമുള്ള ഉപയോഗം സംബന്ധിച്ച കരട് പ്രൊപ്പോസൽ തയ്യാറാക്കാൻ എൻ.ജി.എസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>അധിക ശിപാർശ</u>

ദേശീയ ഗെയിംസ് സ്റ്റേഡിയങ്ങളുടെ പുനരുപയോഗം സംബന്ധിച്ച് ഖണ്ഡിക 36-ലെ ശിപാർശകൾക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന കരട് പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അവ അംഗീകരിച്ചോയെന്നും ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായണമെന്ന് തീരുമാനിച്ചു.

അദ്ധ്യായം II-ൽ സൂചിപ്പിച്ചിരിക്കുന്ന അധിക ശിപാർശകൾക്ക് സർക്കാരിൽനിന്ന് മറുപടി ആവശ്യപ്പെട്ടുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത അധിക ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജോസഫ് വാഴയ്ക്കൻ,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.